**സബ്മിഷൻ**

ടെക്സ്റ്റൈൽ ഷോറൂമുകളിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ

മി. ചെയർമാൻ: ശ്രീ. വി. റ്റി. ബൽറാമും ഇതേ വിഷയം സബ്മിഷനായി നൽകിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ വൻകിട ടെക്സ്റ്റൈലുകളിലും ജ്വല്ലറികളിലും മാളുകളിലുമായി അനവധി സ്ത്രീ തൊഴിലാളികളാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ അവസ്ഥ അമ്പരപ്പിക്കുംവിധം പരിതാപകരമാണ്. രാവിലെ 9 മണിക്ക് ജോലിക്ക് കയറുന്ന ഇവർ രാത്രി 9 മണിവരെ കമനീയമായ ഷോറൂമുകളിൽ ഇരിക്കാൻപോലും കഴിയാത്തവിധത്തിൽ ജോലി ചെയ്യേണ്ടിവരുന്നു. അറിയാതെ ഒന്നു ഇരുന്നു പോയാൽ അപ്പോൾത്തന്നെ മെമ്മോ കിട്ടും. വീട്ടിൽ നിന്നും കൊണ്ടുവരുന്ന ഉച്ചഭക്ഷണം കഴിച്ച് വിശപ്പടക്കുന്ന ഇവർക്ക് ആഹാരം കഴിക്കാൻപോലും ഒരിടമില്ല. അരമണിക്കൂർ പോലും വിശ്രമിക്കാനുള്ള അവസരം നൽകാറില്ല. പലയിടങ്ങളിലും ടോയിലെറ്റിൽ പോകുന്നതിനുപോലും കണക്ക് വയ്ക്കുന്നുണ്ട്. ഒരു തവണകൂടുതൽ പോകേണ്ടി വന്നാൽ അതിന്റെ പേരിൽ ശമ്പളംപിടിക്കുമെന്നാണ് ഭീഷണി. ഇവരിൽ മിക്കവർക്കും മിനിമം വേജസ് ആക്ട് പ്രകാരമുള്ള മിനിമം കൂലി പോലും

കിട്ടുന്നില്ല. വനിതാ ദിനവും മറ്റും ആഘോഷിക്കാൻ വെമ്പൽകൊള്ളുന്ന സർക്കാർ ഈ കൊടിയ മനുഷ്യാവകാശലംഘനത്തിനെതിരെ ഒരു ചെറുവിരൽപോലും അനക്കാൻ തയ്യാറാകുന്നില്ല. തൊഴിൽ വകുപ്പ് നോക്കുകുത്തിയാകുകയാണ്. ഇതിനെതിരെ ചോദ്യം ചെയ്യുന്നവരെ മറ്റു ജില്ലകളിലെ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റി പീഡിപ്പിക്കുകയാണ്. തൃശ്ശൂരിൽ മാസങ്ങളായി ഇതിനെതിരെ സ്ത്രീ തൊഴിലാളികൾ നടത്തുന്ന ഇരിപ്പുസമരം കേരളസമൂഹത്തിനു തന്നെ നാണക്കേടാണ്. ഈ സമരം ഉടൻതന്നെ ഒത്തുതീർപ്പാക്കണം. ന്യായമായ വേതനവും വിശ്രമിക്കാനുള്ള സൗകര്യവും ഒരുക്കി തൊഴിലാളികളായ ഈ സഹോദരിമാരെ മനുഷ്യരായി പരിഗണിക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം. തൊഴിൽ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ വിഷയത്തിന്റെ പരിഹാരത്തിനായി ഒരു ബിൽ നമ്മൾ പാസ്സാക്കുകയും ചെയ്തു. കഴിഞ്ഞ മേയ് മാസത്തിലാണ് ഇത് വലിയൊരു സങ്കീർണ്ണ പ്രശ്നമായി കേരളത്തിന്റെ

പൊതുസമൂഹത്തിനുമുന്നിൽ ശ്രദ്ധിക്കപ്പെട്ടത്. അന്നുതന്നെ ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ കേരളത്തിലെ രണ്ടായിരത്തോളം കടകളിൽ പരിശോധന നടത്തി. പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് പൂർണ്ണമായി യോജിക്കുന്നു. അന്ന് പരിശോധന നടത്തിയപ്പോൾ വ്യാപകമായി നിയമലംഘനം നടക്കുന്നതായി ബോദ്ധ്യപ്പെട്ടതാണ്. എന്തുകൊണ്ട് കർശനമായി നിയമം പാലിക്കപ്പെടുന്നില്ലെന്ന് പരിശോധിച്ചപ്പോൾ, 1961-ലെ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരമുള്ള ശിക്ഷയും ഫൈനുമായിരുന്നു നിലവിലുണ്ടായിരുന്നത്. അമ്പത് വർഷത്തിലേറെയായി നമ്മൾ ആ ഫൈൻ പുതുക്കിയിട്ടില്ല, അമ്പത് രൂപയായിരുന്നു ഫൈൻ. അതുകൊണ്ട് ഫൈൻ കൊടുക്കാനും അവർ തയ്യാറാകും എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോയി. അതുകൊണ്ട് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നിയമം കൊണ്ടുവന്ന് ഫൈനുകളൊക്കെ ക്രമാതീതമായി വർദ്ധിപ്പിച്ചു. അമ്പത് രൂപ ഫൈൻ എന്നത് അയ്യായിരം രൂപ വരെ വർദ്ധിപ്പിച്ചു. റിപ്പീറ്റഡ് ഒഫൻസിന് പതിനായിരം രൂപയും ജയിൽ ശിക്ഷയും എന്ന വ്യവസ്ഥകൂടി കൊണ്ടുവന്ന് നിയമം പാസ്സാക്കിയിട്ടുണ്ട്. അതിന്റെ റൂൾസ് ഫ്രെയിം ചെയ്തിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ അപ്രൂവൽ കിട്ടിയാലുടൻ തന്നെ നിയമം പ്രാബല്യത്തിൽ വരും. അതുവഴി ശക്തമായ ഇടപെടലുകൾ നടത്താൻ

സാധിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്, അമ്പത് രൂപ ഫൈൻ എന്നതിന് ഒരുവിലയും കൽപ്പിക്കാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ നിയമം പാസ്സാക്കി കഴിഞ്ഞു. സബ്ജക്ട് കമ്മിറ്റിയുടെ അപ്രൂവൽ കിട്ടിയാലുടൻ നിയമം നിലവിൽ വരും. തൃശ്ശൂരിൽ നടക്കുന്ന സമരത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. 210 തൊഴിലാളികളുള്ള ഒരു സ്ഥാപനത്തിൽ നിന്ന് ആറ് പേരെ ട്രാൻസ്ഫർ ചെയ്തു. ഇതുമായി ബന്ധപ്പെട്ടവർ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തന്നെ തൊഴിൽ വകുപ്പുദ്യോഗസ്ഥർ ഡി.എൽ.ഒ. അടക്കം ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താൻ ശ്രമിച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും ട്രേഡ് യൂണിയൻ നേതാക്കൻമാർക്കും അറിയാം, ട്രാൻസ്ഫർ എന്നത് മാനേജ്മെന്റിന്റെ അധികാരമാണെന്ന് അവർ സ്ഥാപിച്ചെടുക്കും. പത്തോ പതിനായിരമോ രൂപ ശമ്പളം കിട്ടുന്ന പാവപ്പെട്ട ഈ തൊഴിലാളികളെ കണ്ണൂരിലേയ്ക്കോ തിരുവനന്തപുരത്തേയ്ക്കോ ട്രാൻസ്ഫർ ചെയ്താൽ അവർക്ക് ജോലി ചെയ്യാൻ സാധിക്കില്ല എന്ന വസ്തുതയും നിലനിൽക്കുന്നു. ലേബർ ഓഫീസർ പലതവണ അനുരഞ്ജന ചർച്ച നടത്തിയെങ്കിലും കർക്കശമായ നിലപാടിൽ മാനേജ്മെന്റ് നിന്നതുകൊണ്ട് ചർച്ചകൾ പരാജയപ്പെട്ടു. തൃശ്ശൂരിലെ പ്രശ്നം അഡ്ജ്യൂഡിക്കേഷന് തീരുമാനിച്ച് ലേബർ കോടതിയിലേയ്ക്ക് വിടുകയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം ഇടപെട്ട ഈ പ്രശ്നം വീണ്ടും മാനേജ്മെന്റുമായി ചർച്ച ചെയ്യാൻ ഞാൻ തയ്യാറാണ്. പക്ഷെ അതുകൊണ്ട് ഫലമുണ്ടാകുമെന്ന് തോന്നുന്നില്ല. ഞാൻ തന്നെ ബന്ധപ്പെട്ട പ്രശ്നമാണ്. പുതിയ നിയമം നിലവിൽ വരുമ്പോൾ കർശനമായ ഫൈൻ എങ്കിലും ഇംപോസ് ചെയ്യാം. ഇപ്പോൾ അമ്പത് രൂപയോ ഇരുന്നൂറ്റി അമ്പത് രൂപയോ മാത്രം ഫൈൻ ഇംപോസ് ചെയ്യിക്കാനുള്ള നിസ്സഹായാവസ്ഥയാണ് നമ്മുടെ മുന്നിലുള്ളത്. അതുകൊണ്ടാണ് പുതിയ നിയമം പാസ്സാക്കിയത്. ധിക്കാരപരവും നിഷേധാത്മകവുമായ സമീപനം കൈക്കൊള്ളുന്ന മാനേജ്മെന്റുകളെ ഒരു പരിധിവരെ വരുതിയിൽ നിർത്താൻ പുതിയ നിയമം വഴി കഴിയും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുന്നു. ഗവൺമെന്റിന്റെ ഇന്നത്തെ അധികാരമുപയോഗിച്ച് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നതായിരിക്കും.

## നഷ്ടപരിഹാരം നൽകുന്ന കേന്ദ്ര നിയമത്തിലെ അപാകത പരിഹരിക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കേന്ദ്ര നിയമത്തിലെ അപാകത പരിഹരിക്കുന്നതു സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പുതിയ കേന്ദ്ര നിയമം രാജ്യത്ത് നിലവിൽ വന്നതിനെ തുടർന്ന് കേരളത്തിൽ

കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നേരത്തെ കൊടുത്തുകൊണ്ടിരുന്ന തുക കൊടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് നിലവിൽ വാഴക്കൃഷി നശിച്ചാൽ ഒരു വാഴയ്ക്ക് 100 രൂപ കൊടുക്കുന്ന വിധത്തിലാണ് ഫണ്ട് അനുവദിച്ചിരുന്നത്. പുതിയ നിയമം വന്നുകഴിഞ്ഞപ്പോൾ ഒരു വാഴയ്ക്ക് 3.75 രൂപയേ കൊടുക്കാൻ സാധിക്കുകയുള്ളൂ. ഇതു വലിയ അനീതിയായി മാറിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒരു വാഴയ്ക്ക് 25 രൂപയാണ് നേരത്തെ നഷ്ടപരിഹാരം നൽകിക്കൊണ്ടിരുന്നത്. നിയമസഭയിൽ രാഷ്ട്രീയ ഭേദമന്യേ എല്ലാവരും ആവശ്യപ്പെട്ടപ്പോൾ അത് 100 രൂപയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചു. ഏറ്റവും വലിയ ആശ്വാസമായിരുന്നു അത്. കുലച്ച വാഴയ്ക്ക് 100 രൂപ എന്നത് നഷ്ടപരിഹാരമായി കണക്കാക്കാൻ സാധിക്കില്ലെങ്കിലും അതൊരു ആശ്വാസമായിരുന്നു. കേന്ദ്രത്തിന്റെ പുതിയ നിയമം വാഴയ്ക്ക് മാത്രമല്ല എല്ലാ കൃഷിക്കും ബാധകമായിരിക്കുകയാണ്. അതിന്റെ ഭാഗമായി നെല്ലിനും റബ്ബറിനും തെങ്ങിനും നൽകുന്ന നഷ്ടപരിഹാരത്തുക കുറഞ്ഞു. കേന്ദ്രത്തിൽ പുതിയ നിയമം വന്നപ്പോൾ കേരളത്തിലും പുതിയ ഉത്തരവ് ഇറക്കേണ്ടി വന്നുവെന്നതാണ് ഇവിടെ വന്ന ഗതികേട്. റവന്യൂ വകുപ്പിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് 2014 ജനുവരി 24-ന് ഇറക്കിയ ഉത്തരവ് പ്രകാരം 24.10.2013 മുതൽ മുൻകാലപ്രാബല്യത്തോടെ

കേരളത്തിൽ ഇത് നടപ്പാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ കടുത്തുരുത്തി മണ്ഡലത്തിലെ കൃഷിനാശവുമായി ബന്ധപ്പെട്ട് ഞാൻ ഒരു സബ്മിഷൻ അവതരിപ്പിച്ചു, കാരണം ഒരു വർഷം കഴിഞ്ഞിട്ടും കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാൻ സാധിച്ചില്ല. കൃഷി വകുപ്പിൽ നിന്നും സഹായം കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ പൂർത്തീകരിച്ച് ഗവൺമെന്റിലേയ്ക്ക് വന്നിരിക്കുന്ന ക്ലെയിമനുസരിച്ച് കോട്ടയം ജില്ലയിൽ മാത്രം കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാൻ 1.88 കോടി രൂപ വേണം. ഇപ്പോഴുള്ള പുതിയ ഉത്തരവനുസരിച്ച് 35 ലക്ഷം രൂപയേ കൊടുക്കാൻ സാധിക്കുകയുള്ളൂ. 1.53 കോടി രൂപ കൂടി ലഭിച്ചാൽ മാത്രമേ നഷ്ടപരിഹാരം നൽകാൻ സാധിക്കുകയുള്ളൂ. ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന കാര്യം കേന്ദ്രത്തിന്റെ നിയമം മാറാൻ കാത്തിരുന്നാൽ ഇത് അടുത്ത കാലത്തൊന്നും മാറുന്ന ലക്ഷണമില്ല. ഇത് രാജ്യത്ത് മുഴുവനായി നടപ്പിലാക്കിയ നിയമമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്തുകൊണ്ട് റവന്യൂ, കൃഷി വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ തുക കൊടുക്കാൻ വേണ്ടി അഡീഷണൽ ഫണ്ട് സംസ്ഥാന ഗവൺമെന്റ് നൽകണം. എങ്കിൽ മാത്രമേ ഇതിനു പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇവിടെ ഗവൺമെന്റ് നിശ്ചയിച്ച നിരക്കിലുള്ള നഷ്ടപരിഹാരം കൃഷിക്കാരന് കൊടുക്കാൻ

തയ്യാറാകണം. കൃഷിക്കാരന് അർഹതപ്പെട്ട നഷ്ടപരിഹാരത്തുക ലഭിക്കാൻ അഡീഷണൽ തുക അനുവദിക്കുന്നതിനുള്ള തീരുമാനം സംസ്ഥാന ഗവൺമെന്റ് എടുക്കണം. കേരളത്തിൽ നേരത്തെ നിശ്ചയിച്ചിട്ടുള്ളതുപോലെ വാഴയ്ക്ക് 100 രൂപ ഉൾപ്പെടെ മറ്റ് കാർഷികോല്പന്നങ്ങൾക്കും മതിയായ നഷ്ടപരിഹാരത്തുക നൽകാനുള്ള തീരുമാനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുകയും കൃഷിക്കാരെ സഹായിക്കുകയും ചെയ്യണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫ് പറഞ്ഞത് തികച്ചും ശരിയാണ്. പ്രകൃതിക്ഷോഭം വരുമ്പോൾ ഇന്ന് കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം നാമമാത്രമായി കുറഞ്ഞിരിക്കുകയാണ്. ദുരന്തപ്രതികരണ നിധിയിൽ നിന്ന് നൽകുന്ന തുക നഷ്ടപരിഹാരമല്ല, മറിച്ച് അത് അടിയന്തര ആശ്വാസ ധനസഹായമാണെന്നാണ് ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം. നഷ്ടപരിഹാരം എന്ന കൺസെപ്റ്റ് തന്നെ അവർ അംഗീകരിക്കുന്നില്ല. അതിനുപകരം അടിയന്തര ആശ്വാസധനസഹായം, അതും നാമമാത്രമാണ്. അത് മാറ്റണം. മാറ്റാൻ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ നിയമം മാറി വരുന്നത് എപ്പോഴാണെന്ന് അറിയാൻ സാധിക്കില്ല. അവർ പറയുന്നത് കേന്ദ്ര ഗവൺമെന്റിൽ നിന്നും നൽകില്ല,

അതുപോലെതന്നെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും എടുക്കാൻ സാധിക്കില്ല. അതുകൊണ്ട് സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി പ്രത്യേകമായ തുക നീക്കിവയ്ക്കണമെന്നാണ്. സംസ്ഥാന സർക്കാരിന് ഒരു പ്രത്യേക ദുരിതാശ്വാസ നിധിയുണ്ടെങ്കിലും അതും സാധിക്കില്ല. ഗവൺമെന്റ് ഇക്കാര്യം തീർച്ചയായും ആലോചിക്കും. റവന്യൂ, കൃഷി വകുപ്പുകളുമായി ആലോചിച്ച് ഇന്നത്തെ ഈ നാമമാത്ര തുകയിൽ നിന്ന് തുക വർദ്ധിപ്പിച്ച് നൽകാനുള്ള തീരുമാനം ഏറ്റവും വേഗത്തിലെടുക്കുമെന്ന് പറയാനാഗ്രഹിക്കുകയാണ്.

## റവന്യൂ ഭൂമി കയ്യേറ്റം

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ അതിർത്തി കേരള-കർണ്ണാടക അതിർത്തിയിലാണ്. അവിടെ നമ്മുടെ വനാതിർത്തിയിലേയ്ക്ക് കർണ്ണാടകം കയ്യേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. പണ്ടുകാലം മുതൽ സംസ്ഥാന രൂപീകരണസമയത്ത് തന്നെ വനത്തിൽ സ്ഥാപിച്ചിട്ടുള്ള ജണ്ടകളുണ്ട്. ആ ജണ്ടകൾ അവിടെ നിലനിൽക്കെ തന്നെ ആ ജണ്ടകളെയും സർവ്വേക്കല്ലുകളെയും അവഗണിച്ചുകൊണ്ട് പുതിയ ജണ്ടകൾ സ്ഥാപിച്ച് കേരള അതിർത്തിയിലേയ്ക്ക് കയ്യേറി നിർമ്മിച്ചിരിക്കുന്നു. ബാരാപോൾ എന്ന ജലവൈദ്യുത പദ്ധതി അവിടെയുള്ള പുഴയിലാണ്. പുഴയുടെ അക്കരെ നമുക്ക് സ്ഥലമുണ്ട്. ആ സ്ഥലത്ത്

വീടുകളുണ്ട്. ആ വീടുകൾക്കും ആ സ്ഥലത്തെ ആളുകൾക്കും പട്ടയവും ആധാരവും തുടങ്ങിയ എല്ലാ കൈവശരേഖകളുമുണ്ട്. അവർ വീട്ടുനികുതിയും ഭൂനികുതിയും കേരളത്തിൽ അടയ്ക്കുന്നുമുണ്ട്. ഒരു അവകാശവാദം ഉന്നയിക്കുന്നതിനുവേണ്ടി കർണ്ണാടകം മെല്ലെ മെല്ലെ കയ്യേറിക്കൊണ്ടിരിക്കുകയാണ്. ജില്ലാ കളക്ടർ സ്ഥലം സന്ദർശിച്ചിരുന്നു. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും ഞാൻ പരാതി നൽകി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ കുടകിലെ കളക്ടറുമായി ആലോചിച്ച് പുതുതായി നിർമ്മിച്ച ജണ്ടകൾ പൊളിച്ചുമാറ്റും എന്ന് ഉറപ്പു നൽകിയിരുന്നെങ്കിൽപ്പോലും അത് പൊളിച്ചുമാറ്റുന്നതിനുപകരം കയ്യേറ്റത്തിനനുകൂലമായി ട്രഞ്ച് കീറുന്ന ഒരു പ്രോസസ് അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം അവിടെ ഞാൻ വീണ്ടും പോയിരുന്നു. കർണ്ണാടക ഫോറസ്റ്റ് അധികാരികളുമായി സംസാരിച്ച് തൽക്കാലം അത് നിറുത്തിവച്ചിട്ടുണ്ട്. എന്നാൽ കൂടുതൽ ഫോഴ്സോടു കൂടി അവർ വരാനും കേരളത്തിന്റെ ധാരാളം ഭൂമി കയ്യേറാനുമുള്ള സാഹചര്യം നിലനിൽക്കുന്നു. രാഷ്ട്രീയ നേതൃത്വതലത്തിലോ സംസ്ഥാനാടിസ്ഥാനത്തിൽ ഉന്നതതലത്തിലോ ആ വിഷയത്തിൽ ഒരു ശാശ്വത പരിഹാരമുണ്ടാക്കി നിലവിലെ അതിർത്തി അംഗീകരിക്കുന്ന തരത്തിൽ ഒരു തീർപ്പുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് ഇവിടെ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടയുടനെ തന്നെ കളക്ടറോടും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിനോടും സർവ്വേ ഉദ്യോഗസ്ഥരോടും ഇതുസംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടുകൾ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. കേരള-കർണ്ണാടക അതിർത്തിപ്രദേശത്തെ കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്ക് അയ്യൻകുന്ന് വില്ലേജിൽ ഉൾപ്പെടുന്നതും കേരള അതിർത്തിയിൽപ്പെടുന്നതുമായ സ്ഥലം കർണ്ണാടക വനം വകുപ്പ് ഉദ്യോഗസ്ഥർ കയ്യേറുന്നതായ റിപ്പോർട്ടിനെ തുടർന്ന് സർവ്വേ അധികൃതർ നടത്തിയ പരിശോധനയിൽ കേരള അതിർത്തിയിൽ 7 മീറ്റർ വരെ കയ്യേറി പുതിയ ജണ്ടകൾ സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള-കർണ്ണാടക സംസ്ഥാനത്തിലെ റവന്യൂ സർവ്വേ ടീമുകൾ ബന്ധപ്പെട്ട റിക്കോർഡുകൾ സഹിതം സംയുക്തമായി പരിശോധന നടത്തി അതിരുകൾ നിർണ്ണയിച്ച് ജണ്ടകളും സർവ്വേക്കല്ലുകളും പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അത് എത്രയും വേഗം ത്വരിതപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

നൂറുവർഷം പൂർത്തീകരിച്ച സ്കൂളുകൾക്ക് പ്രത്യേക പരിഗണന

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ വിദ്യാഭ്യാസരംഗത്ത്

അഭ്രുതപൂർവ്വമായ ഒരു സംഭവമാണ് ചില ഗവൺമെന്റ് വിദ്യാലയങ്ങൾ 100 വർഷം പിന്നിട്ടിട്ടുണ്ടെന്നുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ 7 യു.പി. സ്കൂളുകളും 2 ഹയർ സെക്കന്ററി സ്കൂളുകളും 110 വർഷം പിന്നിട്ടിരിക്കുകയാണ്. സ്വകാര്യ മേഖലയുമായി മത്സരിച്ച് ആയിരക്കണക്കിന് കുട്ടികൾ 100 വർഷങ്ങളായി ഗവൺമെന്റ് മേഖലയിൽ തന്നെ പഠിക്കണമെന്ന ദാഹം കേരള സമൂഹത്തിൽ നിലനിൽക്കുകയാണ്. ഗവൺമെന്റ് അത് കണ്ടില്ല എന്ന് നടിക്കരുത്. അങ്ങനെയുള്ള പ്രധാനപ്പെട്ട 100 വർഷം പിന്നിട്ട ധാരാളം വിദ്യാലയങ്ങൾ എല്ലാ മണ്ഡലങ്ങളിലുമുണ്ട്. ആ വലിയ പരീക്ഷണ ഘട്ടത്തിൽ; വിദ്യാഭ്യാസരംഗത്ത് ആരും തിരിഞ്ഞുനോക്കാതിരുന്ന സമയത്ത്; സ്വകാര്യമേഖലയ്ക്ക് ഇതുകൊണ്ട് യാതൊരു ഗുണമില്ല എന്ന വിചാരിച്ച സമയത്ത്; കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവന്ന ഗവൺമെന്റുകൾ, ഡിപ്പാർട്ടുമെന്റുകൾ, പൊതുമേഖല എന്നിവയെ നിലനിർത്താനും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയുന്ന ഒരു സമീപനമെടുക്കണം. നിർഭാഗ്യവശാൽ ഇന്ന് വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യമേഖല കൊടികുത്തി വാഴുകയാണ്. അത് അവസാനിപ്പിക്കണമെങ്കിൽ സർക്കാർ മേഖലയിലുള്ള നിലവിലുള്ള വിദ്യാലയങ്ങളെയെങ്കിലും സഹായിക്കണം. എന്റെ മണ്ഡലത്തിൽ എൽ.പി. സ്കൂളും യു.പി. സ്കൂളും നൂറു വർഷമായി

പ്രവർത്തിക്കുകയാണ്. അതിനാൽ ഗവൺമെന്റ് മേഖലയിലുള്ള നൂറുവർഷം പിന്നിടുന്ന എല്ലാ സ്കൂളുകൾക്കും എന്തെങ്കിലും അവാർഡോ ഗിഫ്റ്റോ കൊടുക്കാൻ തയ്യാറാകണമെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്തെ ശതാബ്ദി പൂർത്തിയാക്കിയ സർക്കാർ സ്കൂളുകളുടെ ചരിത്രം രചിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും 2010-11-ലെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. ഈ കാലയളവിൽ ശതാബ്ദി പൂർത്തീകരിച്ച 675 സ്കൂളുകളാണ് നിലവിലുണ്ടായിരുന്നത്. അവയുടെ ചരിത്രം രചിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി കേരള ചരിത്ര ഗവേഷണ കൗൺസിലിന് നൽകിയിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തെ നൂറുവർഷം പൂർത്തീകരിച്ച സർക്കാർ സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്കായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതാണെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതനുസരിച്ച് എന്തൊക്ക പദ്ധതികളാണ് ഓരോ സ്കൂളുകളിലും ഏറ്റെടുത്ത് നടത്തുവാനുദ്ദേശിക്കുന്നതെന്നത് സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് സഹിതം ശിപാർശ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. എങ്കിലും 311 സ്കൂളുകൾ മാത്രമാണ് നിശ്ചിത സമയത്തിനകം ശിപാർശ ലഭ്യമാക്കിയത്. ഇക്കാര്യത്തിൽ ബഡ്ജറ്റിൽ തുകയൊന്നും

വകയിരുത്താതിരുന്നതിനാൽ നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പിന്നീട് 2014-15 വർഷം വരെയുള്ള കാലയളവിനുള്ളിൽ 100 വർഷം പൂർത്തീകരിച്ച സർക്കാർ സ്കൂളുകളുടെ എണ്ണം ശേഖരിക്കുകയും ഈ സ്കൂളുകളിൽ വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന ശേഖരിക്കുകയും ഇതിൻപ്രകാരം സ്കൂൾ ക്ലാസ് റൂം നിർമ്മാണം, പാചകപ്പുര, ഫർണ്ണിച്ചർ, സ്കൂൾ വാൻ, ചുറ്റുമതിൽ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ആകെ 937 സർക്കാർ സ്കൂളുകൾക്കായി 286.44 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ കൂടുതൽ താല്പര്യപൂർവ്വമുള്ള ഇടപെടലുകൾ നടത്തുന്നതും ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## അൺ - എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ന്യായമായ ശമ്പളവും ആനുകൂല്യങ്ങളും

ശ്രീ. വി. റ്റി. ബൽറാം: സർ, കേരളത്തിലെ മൂവായിരത്തോളം സ്വകാര്യ അൺ-എയ്ഡഡ് സ്കൂളുകളിലായി ടീച്ചിംഗ്, നോൺ-ടീച്ചിംഗ് വിഭാഗത്തിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് ആളുകളുടെ വിഷയമാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. എത്രയോ വർഷങ്ങളായി നമ്മൾ ചർച്ച ചെയ്യുന്നതാണ്. പക്ഷേ ഇപ്പോഴും കാര്യമായ ഒരു മാറ്റവും ഉണ്ടായിട്ടില്ല. നമ്മുടെ

സ്വകാര്യ അൺ-എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ആളുകളുടെ സേവന-വേതന വ്യവസ്ഥകൾ അങ്ങേയറ്റം പരിതാപകരമായ അവസ്ഥയിൽ നിൽക്കുകയാണ്. ശ്രീ. കെ. ജി. സുകുമാരപിള്ള /ശ്രീ. എ. എ. ബേബി എന്നിവരടങ്ങിയ രണ്ടംഗ കമ്മിറ്റിയെ 2007-ൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതിനെക്കുറിച്ച് പഠിച്ച് ശിപാർശകൾ നൽകാൻ വേണ്ടി നിയമിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഈ കാര്യത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുമായിരുന്നു. പക്ഷേ അത്തരത്തിലുള്ള ഒരു മാറ്റവും ഉണ്ടായിട്ടില്ല. കേരള ഹൈക്കോടതിയും സി.ബി.എസ്.ഇ. യും ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. മിഡിൽ ലെവൽ സ്കൂൾ ടീച്ചേഴ്സിന് പതിനായിരം രൂപയും സീനിയർ സെക്കന്ററി തലത്തിലാണെങ്കിൽ ഇരുപതിനായിരം രൂപയും മിനിമം ശമ്പളം നൽകണമെന്നുള്ള ഒരു നിർദ്ദേശം നിലനിൽക്കുമ്പോൾ യഥാർത്ഥത്തിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് രണ്ടായിരത്തിനും അയ്യായിരത്തിനും പതിനായിരത്തിനും താഴെയുള്ള തുക മാത്രമാണ്. അതുമാത്രമല്ല ചില സ്കൂളുകൾ ഇക്കാര്യത്തിൽ വലിയ തട്ടിപ്പ്

നടത്തിക്കൊണ്ടിരിക്കുകയാണ്. ടീച്ചർമാർക്ക് കൂടുതൽ തുക നൽകുന്നുവെന്ന് പറയുന്നു. രേഖാമൂലം അത് കാണിക്കുന്നു. പക്ഷേ അതേ ടീച്ചർമാരിൽ നിന്നുതന്നെ പോസ്റ്റുഡേറ്റഡ് ചെക്കുകൾ വാങ്ങുകയാണ്. അവരുടെ അക്കൗണ്ടിലേയ്ക്കിട്ട പണം ഈ പോസ്റ്റുഡേറ്റഡ് ചെക്കുകൾ മുഖാന്തിരം തിരിച്ചുപിടിക്കുന്ന ഒരു സാഹചര്യമാണുണ്ടാകുന്നത്. പല സ്കൂളുകളും അപ്പോയിന്റ്മെന്റ് നൽകുന്ന സമയത്തുതന്നെ മുൻകൂട്ടി ഡേറ്റ് വയ്ക്കാത്ത റെസിഗ്നേഷൻ ലെറ്റർ വാങ്ങിവയ്ക്കുകയാണ്. ഏത് നിമിഷം വേണമെങ്കിലും പിരിച്ചുവിടാമെന്നുള്ള അവസ്ഥയിൽ നിൽക്കുകയാണ്. ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങുന്ന സ്വകാര്യ അൺ -എയ്ഡഡ് സ്ഥാപനങ്ങളുണ്ട്. ഇത്തരത്തിലുള്ള സാഹചര്യങ്ങളൊക്കെ നിലനിൽക്കുമ്പോൾ, ഇക്കാര്യത്തിൽ ഇടപെടാൻ നമുക്ക് ഇതുവരെ സാധിക്കുന്നില്ലായെന്ന് പറയുമ്പോൾ, ഇതിനോട് കണ്ണടച്ച് ഇരുട്ടാക്കുന്ന സമീപനം സ്വീകരിക്കുന്നത് ഒരു ഭരണകൂടത്തിന് ഒട്ടും യോജിച്ച സമീപനമല്ല. ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. ഗവൺമെന്റ് പല രീതിയിൽ ഇടപെടാൻ ആഗ്രഹിക്കുന്നതാണ്. എങ്കിൽപ്പോലും അതിന്റെ റിസൾട്ട് ഇതുവരെ കാണാൻ സാധിച്ചിട്ടില്ല.

സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ വിഷയമടക്കമുള്ള പല കാര്യങ്ങളും ഇതുപോലെ ഉയർന്നുവന്നപ്പോൾ ഗവൺമെന്റ് വളരെ നല്ലരീതിയിൽ പ്രതികരിച്ച് അക്കാര്യത്തിൽ വലിയ മാർക്ക്ഡ് ഇംപ്രൂവ്മെന്റുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സമാനമായ രീതിയിൽ പതിനായിരക്കണക്കിന് ആളുകളെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ ഇടപെടാനും അതിന് ഒരു റിസൾട്ട് ഓറിയന്റഡ് ഇടപെടൽ ഉണ്ടാകുമെന്ന് ഉറപ്പുവരുത്താനും ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിൽ സംസ്ഥാന സിലബസിലും കേന്ദ്ര സിലബസിലും സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളുകളിലെ ജീവനക്കാരും അദ്ധ്യാപകരും അതാത് സ്കൂൾ മാനേജ്മെന്റുകളുടെ കീഴിലാണ് ജോലി ചെയ്യുന്നത്. എങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതാകയാൽ ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് വ്യക്തമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ-എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ

സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം XIV A(a) യിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 2007-ൽ ഈ മേഖലയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശിപാർശ അനുസരിച്ച് നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും ചെയ്തു. ഇതുപ്രകാരം അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകന് 7000 രൂപയും എച്ച്.എസ്.എ. ക്ക് 6000 രൂപയും പ്രൈമറി ടീച്ചർക്ക് 5000 രൂപയും ക്ലാർക്കിന് 4000 രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 3500 രൂപയും മിനിമം വേതനം ഉറപ്പുനൽകുന്നു. അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പിൽനിന്ന് സ.ഉ. (പി). 155/2011 തൊഴിൽ നമ്പരായി 12.09.2011-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നൽകിയിരിക്കണമെന്ന് എൻ.ഒ.സി. ക്കുള്ള മാനദണ്ഡത്തിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സി.ബി.എസ്.ഇ.,

ഐ.സി.എസ്.ഇ. സ്കൂളുകളിൽ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള ഘടന സി.ബി.എസ്.ഇ. തന്നെ നിർണ്ണയിച്ച് നൽകണമെന്നും അതുവരെ പ്രൈമറി മിഡിൽ സ്കൂൾ ടീച്ചേഴ്സിന് പതിനായിരം രൂപയും സെക്കന്ററി സ്കൂൾ ടീച്ചേഴ്സിന് പതിനയ്യായിരം രൂപയും സീനിയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സിന് ഇരുപതിനായിരം രൂപയും ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾമാർക്ക് ഇരുപതിനായിരം രൂപ + അഡീഷണൽ അലവൻസ് എന്നിങ്ങനെ പ്രതിമാസ ശമ്പളം നൽകണമെന്നും ക്ലറിക്കൽ സ്റ്റാഫിന് ആറായിരം രൂപയും ക്ലാസ് ഫോർ സ്റ്റാഫിന് നാലായിരത്തി അഞ്ഞൂറ് രൂപയും പ്രതിമാസ ശമ്പളം നൽകണമെന്നും 14.09.2012-ലെ ഡബ്ല്യൂ.എ. നമ്പർ 1042/12 വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിടുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ മേഖലയിലെ കടുത്ത ചൂഷണം അവസാനിപ്പിക്കുന്നതിനും അൺ-എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>അത്തപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണം</u>

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഒരിക്കൽ ഈ വിഷയം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്, ഒരു ഫലവുമുണ്ടായില്ല. വീണ്ടും ഒന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൃശ്ശൂർ - പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തരൂർ മണ്ഡലത്തിലെ **കഴനി - പഴമ്പാലക്കോട്** റോഡിൽ ഗായത്രി പുഴയ്ക്കുകുറുകെയുള്ള പഴക്കം ചെന്ന അത്തപ്പൊറ്റ പാലം അപകടാവസ്ഥയിലായിട്ട് വർഷങ്ങളായി. 14.08.2009-ലെ സർക്കാർ ഉത്തരവ് പ്രകാരം പാലം പുതുക്കിപ്പണിയുന്നതിന് മൂന്നുകോടി മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും തുടർ നടപടി സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പിനായില്ല. പുതിയ പാലം നിർമ്മിക്കുവാൻവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടിവരുന്നതിനാൽ അതിനും ഒരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ മണ്ഡലം എം.എൽ.എ. എന്ന നിലയിൽ ആവശ്യമായിട്ടുള്ള ഭൂമി സറണ്ടർ ചെയ്യാൻ ഒരു ഭൂവുടമയെ സമീപിക്കുകയും അദ്ദേഹം അത് സമ്മതിക്കുകയും ചെയ്തു. അത് രേഖാമൂലം കൈമാറുകയും ചെയ്തു. ഇതിനിടെ

നാലുപ്രാവശ്യം എസ്റ്റിമേറ്റ് പുതുക്കി. ഇപ്പോൾ എട്ട് കോടി രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി വീണ്ടും സർക്കാരിന് സമർപ്പിച്ചു. എന്നാൽ സാമ്പത്തിക ഞെരുക്കമായതിനാൽ അടുത്ത സാമ്പത്തികവർഷം സമർപ്പിക്കണമെന്ന് കാണിച്ചുകൊണ്ട് സെക്രട്ടേറിയറ്റിൽനിന്നും ഫയൽ മടക്കി. ഓരോ വർഷവും ഫയൽ സമർപ്പിക്കുമ്പോൾ എസ്റ്റിമേറ്റ് പുതുക്കാൻ ആവശ്യപ്പെടും. പുതുക്കി നൽകുമ്പോൾ തെരഞ്ഞെടുപ്പെന്നും പിന്നെ സാമ്പത്തിക ഞെരുക്കമെന്നും പറയും. അങ്ങനെ ഓരോരോ കാരണങ്ങൾ കണ്ടെത്തി ഫയൽ മടക്കുകയാണ് പതിവ്. ഈ കാര്യത്തിൽ പലപ്പോഴായി ഇതേ സഭയിൽ നൽകിയ ഉറപ്പുപോലും പാലിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും ഇപ്രകാരം ഫയൽ തട്ടിക്കളിച്ചുകൊണ്ടിരിക്കുകയാണ്. അപകടസ്ഥിതിയിലായിട്ടുള്ള ഈ പാലം ഏത് സമയവും അപകടത്തിലാകും. നിരവധി അപകടങ്ങളുണ്ടാകും. അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തം ഈ ഗവൺമെന്റ് ഏറ്റെടുക്കേണ്ടിവരും. ഞാനത് ധനകാര്യവകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയോട് പറഞ്ഞതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ്, പ്രസിദ്ധമായ തിരുവില്വാമല ക്ഷേത്രം

എന്നിവിടങ്ങളിലേക്ക് രോഗികളും തീർത്ഥാടകരും യാത്രചെയ്യുന്ന തിരക്കുപിടിച്ച റൂട്ടിലാണ് പാലം സ്ഥിതിചെയ്യുന്നത്. ഈ റൂട്ടിലെ വാഹനത്തിരക്കും സ്ഥലത്തിന്റെ പ്രാധാന്യവും പാലത്തിന്റെ അപകടാവസ്ഥയും പരിഗണിച്ച് അത്തപ്പൊറ്റ പാലം പുനർനിർമ്മിക്കാൻ 2009-ൽ നൽകിയ എ.എസ്. ഇപ്പോഴെങ്കിലും പരിശോധിച്ച് ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇനി ഇത് ഒരു സബ്മിഷനായി ഇവിടെ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി എന്നെ നിർബന്ധിപ്പിക്കരുത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, അങ്ങിവിടെ ഉന്നയിച്ച ഈ സബ്മിഷനിൽ പറഞ്ഞിട്ടുള്ള കാര്യം വളരെ പ്രധാനപ്പെട്ടതാണ്. 2009-ലെ സ്റ്റിമുലസ് പാക്കേജിലാണ് ഈ പാലം അനുവദിച്ചത്. അന്ന് അനുവദിക്കുമ്പോൾ ഈ പാലത്തിന് സ്ഥലം ഏറ്റെടുത്തിട്ടില്ല. സ്ഥലം ഏറ്റെടുക്കാനുണ്ടായ ബുദ്ധിമുട്ടാണ് ഇതിന് സംഭവിച്ചത്. അല്ലാതെ മറ്റ് വിഷമങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇപ്പോൾ സ്ഥലം ലഭിച്ചിട്ടുണ്ട്. സ്ഥലം കിട്ടിയപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് എട്ട്

കോടി രൂപ ഇപ്പോൾ ആവശ്യമുണ്ട്. തീർച്ചയായും അടുത്ത ബഡ്ജറ്റ് കഴിഞ്ഞതിനുശേഷം അത് ഏറ്റവും പ്രധാനപ്പെട്ട ലിസ്റ്റിൽ ഉൾപ്പെടുത്തി എ.എസ്. കൊടുക്കാനുള്ള നടപടി സ്വീകരിക്കാം.